MONDAY 10-10-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S

Editor : Dr Saritha Vijayan K

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-10/10/2022.

1. കേന്ദ്ര കൃഷിമന്ത്രാലയത്തിന്റെ പ്ലാന്റ് ജീനോം സേവിയേഴ്സ് കമ്മ്യൂണിറ്റി ദേശീയ അവാർഡ് നേടിയ കടമക്കുടി വാരാപ്പുഴ ജൈവ പൊക്കാളി ഐ സി എസ്-ന്റെയും കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, ആത്മ എന്നിവയുടെയും സംയുക്ത ആഭിമുഖ്യത്തിൽ പൊക്കാളി കൊയ്ത്തുത്സവവും അവാർഡ് ദാനവും ഇന്ന് (ഒക്ടോബർ പത്തിന്) കടമക്കുടി സെന്റ് അഗസ്റ്റിൻസ് പാരിഷ് ഹാളിൽ വച്ച് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കും.

2. കാർഷികമേഖലയിൽ ചെലവു കുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിളസംസ്കരണ, മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഇതനുസരിച്ച് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40% മുതൽ 60% വരെയും കർഷകരുടെ കൂട്ടായ്മകൾ, FPO കൾ,പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ (കസ്റ്റം ഹയറിംഗ് സെന്ററുകൾ) സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40% സാമ്പത്തിക സഹായവും യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് 10 ലക്ഷം രൂപയുടെ പദ്ധതിക്ക് പരമാവധി 80% എന്ന നിരക്കിൽ 8 ലക്ഷം രൂപ സാമ്പത്തിക സഹായവും അനുവദിക്കുന്നു. ഈ പദ്ധതിയിൽ അംഗമാകുന്നതിന് http://agrimachinery.nic.in/index എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. 2022-2023 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈൻ ആയി ഈ പോർട്ടലിൽ **സെപ്റ്റംബർ 30** (30.09.2022) മുതൽ നൽകാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

ഡയറക്ടറേറ്റിലെ **0471–2306748, 9497003097, 8943485023, 9895440373, 9567992358** എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

3. മണ്ണുത്തി വെറ്ററിനറി കോളേജിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഫാർമ്മക്കോളജി ആന്റ് ടോക്സിക്കോളജിയിൽ പ്രവർത്തിക്കുന്ന (ICAR-NASF) പ്രോജക്ടിലേക്ക് SRF നെ ആവശ്യമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് www.kvasu.ac.in ലെ News and Announcement ഭാഗത്തിലെ സെപ്റ്റംബർ 29 ലെ നോട്ടിഫിക്കേഷൻ നോക്കുക. വിശദ വിവരങ്ങൾക്ക് **9895297842** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. മൃഗസംരക്ഷണ വകുപ്പിന്റെ സ്റ്റേറ്റ് സ്കീമുകളുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ പേരാവൂർ, കല്യാശ്ശേരി, കൂത്തുപറമ്പ് എന്നീ ബ്ലോക്കുകളിൽ വൈകുന്നേരം ആറുമണി മുതൽ രാവിലെ 6 മണിവരെ വീട്ടുപടികൽ ചികിത്സ സേവനത്തിന് കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി 90 ദിവസത്തേക്ക് മാത്രം വെറ്ററിനറി ബിരുദധാരികളെ തിരഞ്ഞെടുക്കുന്നു. താല്പര്യമുള്ള വെറ്ററിനറി ബിരുദധാരികൾ ഒറിജിനൽ ബിരുദ സർട്ടിഫിക്കറ്റും കെ വി സി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും സഹിതം ഈ മാസം 13-ന് (13 10 2022) രാവിലെ 11 മണിക്ക് കൂടിക്കാഴ്ചയ്ക്കായി കണ്ണൂർ ജില്ലാ വെറ്ററിനറി കേന്ദ്രം ഓഫീസിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് എല്ലാ പ്രവർത്തി ദിവസങ്ങളിലും **0497 2700267** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

5. തിരുവനന്തപുരം ജില്ലയിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി/ സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാതലത്തിൽ തെരഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾ അല്ലെങ്കിൽ അംഗീകൃത സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങളും സഹിതം ഒക്ടോബർ മാസം മുപ്പത്തിയൊന്നാം തീയതിക്കകം തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ മൂന്നു വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരഞ്ഞെടുക്കുന്ന വർക്ക് 10000/- രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്ടറുടെ ശുപാർശസഹിതം

സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോറങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

**പരിശീലന പരിപാടികൾ**

6. കേരള കാർഷിക സർവ്വകലാശാല ഇ -പഠന കേന്ദ്രം **"ശീതകാല പച്ചക്കറി കൃഷി"** എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് ഒക്ടോബർ 17 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ ഒക്ടോബർ 16 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഒക്ടോബർ 17 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

7. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന സംസ്ഥാന തീറ്റപ്പുൽ കൃഷി പരിശീലന കേന്ദ്രത്തിൽ യുവ സംരംഭകർക്ക് വാണിജ്യ അടിസ്ഥാനത്തിൽ **തീറ്റപ്പുൽ കൃഷിയും വിപണനവും** എന്ന വിഷയത്തിൽ പ്രായോഗിക പരിശീലനവും പരിശീലനാർത്ഥികൾക്ക് തീറ്റപ്പുൽ വിപണി കണ്ടെത്തി വരുമാനം നേടാനുള്ള സഹായവും, അതോടൊപ്പം ക്ഷീര വികസന വകുപ്പിന്റെ വിവിധ ധനസഹായ പദ്ധതികളും പരിചയപ്പെടുത്തുന്നു. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഇന്ന് (**ഒക്ടോബർ 10)** വൈകുന്നേരം 5 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ **9400831831, 0471–2501706** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. മൃഗ സംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പൊതുജനങ്ങൾ, മൃഗസ്നേഹികൾ, സാങ്കേതിക വിദഗ്ധർ, Petshop ഉടമസ്ഥർ, Dog breeders തുടങ്ങിയവർക്കായി ഈ മാസം 11-ന് (11/10/2022) തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസ് ഹാളിൽ വച്ച് സെമിനാർ സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ **0471 2302643, 9188510042** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട്

മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പ്രസ്തുത സെമിനാറിൽ മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിനുള്ള ആക്ട്, പഞ്ചായത്ത്രാജ് ആക്ട്, അനിമൽ ബെർത്ത് കൺട്രോൾ നിയമങ്ങൾ, നാട്ടാന പരിപാലന ചട്ടങ്ങൾ, Pet Shop നിയമങ്ങൾ, Market നിയമങ്ങൾ തുടങ്ങിയവയെ കുറിച്ച് വിദഗ്ധർ ക്ലാസ്സുകൾ നയിക്കുന്നു

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം